**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2353** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഐ.സി.യുവിൽ രോഗിയെ പീഡിപ്പിച്ച സംഭവത്തിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ഐ.സി.യു.വിൽ രോഗിയെ ജീവനക്കാരൻ പീഡിപ്പിച്ച സംഭവത്തിൽ കുറ്റക്കാർ ആരൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (എ) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐസിയുവിൽ രോഗിയെ ആശുപത്രി ജീവനക്കാരൻ പീഡിപ്പിച്ചു എന്ന് ആരോപിക്കപ്പെട്ട വിഷയത്തിൽ കുറ്റാരോപിതൻ ഗ്രേഡ് 1 ആശുപത്രി അറ്റൻഡന്റ് ആയ ശ്രീ. ശശീന്ദ്രൻ എം എം ആണ്. |
| (ബി) | പ്രസ്തുത ജീവനക്കാരനെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും തുടർന്ന് തിരിച്ച ജോലിയിൽ പ്രവേശിപ്പിക്കുകയും വീണ്ടും പുറത്താക്കുകയും ചെയ്യാനിടയായ സാഹചര്യം വിശദമാക്കുമോ; | (ബി) | ശ്രീ. ശശീന്ദ്രൻ എം എം - നെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 20.03.2023 - ൽ സസ്പെൻഡ് ചെയ്യുകയും ആ തീയതി മുതൽ ഇപ്പോഴും സസ്പെൻഷനിൽ തുടരുകയുമാണ്. ടിയാനെ **ഇതുവരെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല.** |
| (സി) | ഏത് കുറ്റം ചുമത്തിയാണ് പ്രസ്തുത ജീവനക്കാരനെ സസ്പെൻഡ് ചെയ്തിരുന്നത്; വ്യക്തമാക്കുമോ; | (സി) | പ്രാഥമിക അന്വേഷണത്തിൽ പരാതിക്കാരിയുടെ പരാതിയിൽ കഴമ്പുള്ളതായി അന്വേഷണ സമിതിക്ക് ബോധ്യപ്പെട്ടു എന്ന റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ ജീവനക്കാരനെ സസ്പെൻഡ് ചെയ്തിട്ടുള്ളത്. |
| (ഡി) | ഈ കേസിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | 18.03.2023 തീയതിയിൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓപ്പറേഷന് വിധേയയായ യുവതി, ആശുപത്രി ജീവനക്കാരൻ FSICU - വിൽ വെച്ച് പീഡിപ്പിച്ചു എന്ന് പരാതി നൽകുകയും, വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി പ്രാഥമിക അന്വേഷണത്തിൽ പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയനായ ശ്രീ. ശശീന്ദ്രൻ എം. എം, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 - നെ 20.03.2023 തീയതിയിൽ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് 27.06.2023 തീയതിയിൽ കുറ്റാരോപണ മെമ്മോയും പത്രികയും നൽകിയിട്ടുള്ളതുമാണ്. ആയതിന് ടിയാൻ 11.07.2023 തീയതിയിൽ നൽകിയിട്ടുള്ള മറുപടിയിൽ കുറ്റാരോപണ മെമ്മോയ്ക്കടിസ്ഥാനമായ രേഖകളുടെ |

| | | | |
|---|---|---|---|
| | | | പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെട്ടതിൻ പ്രകാരം രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് അനുമതി നൽകുകയും ടിയാൻ മെമ്മോക്ക് മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ മറുപടി പരിശോധിച്ച് വിശദമായ അന്വേഷണം നടത്തി അച്ചടക്ക നടപടി പൂർത്തിയാക്കുന്നതിനായി സർവീസ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച് വരികയാണ്.<br><br>പീഡനത്തിനിരയായതായി പരാതിപ്പെട്ട രോഗിയെ സന്ദർശിച്ച് സ്വാധീനിക്കാൻ ശ്രമിച്ചു എന്ന പരാതിയിൽ ഡി.എം.ഇ. തലത്തിൽ അന്വേഷണ കമ്മിറ്റിയെ നിയോഗിക്കുകയും, പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ